

( A Valentaine's day special)

**(പ്രണയാനുഭവം)**

# ആ നിമിഷത്തിൻെറ നിർവ്രുതിയിൽ...

**സി. ആൻഡ്രൂസ്**

***"What is love? You look at her, she looks at you? No. love is when you both look at the world together and the world says they look nice together."***

*(വാലൻറയിൻദിവസം ആഘോഷിക്കുമ്പോൾ പ്രഥമപ്രണയത്തിൻെറ ഓർമ്മകൾ അയവിറക്കുന്നവർ ഉണ്ടാകും. പ്രശസ്തഎഴുത്തുകാരനും, വേദപുസ്തകത്തെ ആസ്പദമാക്കി രചിച്ച വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളുടെ രചയിതാവും, കലാ-സാംസ്കാരിക രംഗത്തെ നിറഞ്ഞ സാന്നിദ്ധ്യവുമായ **ശ്രീ ആൻഡ്രൂസ്** യൗവ്വനാരംഭത്തിലെ പ്രണയാനുഭവങ്ങളെപ്പറ്റി പറയാൻ ഇ-മലയാളിക്ക് വേണ്ടി വാലൈൻെറയിൻദിനത്തിൽ അദ്ദേഹത്തിൻെറ മനസ്സു തുറക്കുന്നു. ഇമലയാളിക്ക് വേണ്ടി തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ.*

ഇംഗ്ലീഷ് ലിറ്ററേച്ചർ ക്ലാസ്സുകൾ ആൻേറായ്ക്ക് (Anto) **(യഥാർത്ഥ പേരല്ല)** മറ്റു വിദ്യാർഥികളിൽ നിന്നും രസകരമായി അനുഭവപ്പെടാൻ കാരണം അപ്പോൾ മറ്റു ക്ലാസ്സുകളിൽ നിന്നുമെത്തുന്ന സുന്ദരിമാരാണു. അതിൽ ആഗ്നസ്സ് **(യഥാർത്ഥ പേരല്ല)** പ്രഥമദ്രുഷ്ടിയിൽ അദ്ദേഹത്തിൻെറ പ്രണയിനിയായി. അവർ പരസ്പരം അനുരാഗബദ്ധരായി, റോമിയൊ ഏൻറ് ജൂലിയറ്റ് പഠിപ്പിക്കുന്ന സാറിനു ക്ലാസ്സിൽ നടക്കുന്ന പ്രണയനാടകങ്ങളെ കുറിച്ച് നല്ലപോലെ

അറിയാം. സുന്ദരനായ ആൻേറാ കോളേജിലെ സകല പെൺകുട്ടികളുടേയും ഹ്രുദയസ്പന്ദനമാണു. ആൻേറാവിനെ നോക്കി ”അറിയുന്നില്ലേ ഭവാൻ“ അറിയുന്നില്ലേ എന്ന ഭാവത്തോടെ പെൺകുട്ടികൾ ഏതൊ മാസ്മര ലഹരിയിൽ എല്ലാം മറന്ന് മാറത്ത് പുസ്തകങ്ങൾ അടക്കി അങ്ങനെ നടക്കുന്നത് കൂട്ടുകാർക്ക് ആൻെറാവിനെ കളിയാക്കാൻ വിഷയമായിരുന്നു. പഠിപ്പിക്കുന്ന സാറും ആൻെറാ എന്ന സുന്ദരനെ പെൺകുട്ടികൾ മനസ്സ് കൊണ്ട് ആരാധിക്കുന്ന കാര്യം പൊടി വലിക്കുന്ന പോലെ വലിച്ച് കയറ്റി ചിലപ്പോൾ ക്ലാസ്സിൽ തുമ്മാറുണ്ട്.. നാടകത്തിലെ ഓരോ സംഭാഷണത്തിലും റോമിയോ-ജൂലിയറ്റിനു പകരം ആൻെറാ-ആഗ്നസ്സ് ആയി അദ്ദേഹം മാറ്റുന്നത് സഹപാഠികൾക്ക് വിനോദം പകർന്നുകൊടുത്തു. വൈകിയെത്തിയ ആഗ്നസ്സ് ക്ലാസ്സിലേക്ക് കടക്കുന്ന നേരത്തായിരിക്കും റോമിയോ-ജൂലിയറ്റിലെ ബാൽക്കണി സീൻ സാർ വിവരിക്കുന്നത്. ആ അവസരം പാഴാക്കാതെ സാർ പറയും. അവിടേക്ക് നോക്കു അതാണു കിഴക്ക്, ആഗ്നസ്സാണു സൂര്യൻ.( It is the east and Juliet is the sun) ആ സൂര്യപ്രകാശം മുഴുവൻ തട്ടുന്നത് ആൻേറാവിൻെറ മുഖത്താണു. ആൻേറാവിൻെറ ദിവസം ആരംഭിക്കുന്നത് ആഗ്നസ്സ് എന്ന സൂര്യൻ ഉദിക്കുമ്പോഴാണു്.,ആഗ്നസ്സിൻെറ മുഖം ലജ്ജയാൽ തുടുത്തു. അപ്പോൾ സാർ പറയുന്നു. അവളുടെ കവിളിലെ ശോഭ നക്ഷത്രങ്ങളെ ലജ്ജിപ്പിക്കുന്നു, പകൽ വെളിച്ചം ദീപങ്ങളെയെന്നപോൽ.(The brightness of of her cheek would shame those stars/As daylight doth a lamp). കുട്ടികളെ ഒന്നുകൂടി രസിപ്പിക്കാൻ സാർ വീണ്ടും ഒരു ഫലിതം പൊട്ടിച്ചു. നായകൻ നായികയോട് ചോദിച്ചു. Shall I print a kiss on your cheek? നായികയുടെ മറുപടി ; Yes, but do not publish it. ക്ലാസ്സിൽ കൂട്ടച്ചിരി മുഴങ്ങി..

ആഗ്നസ്സ് ആൻെറാവിൻെറയെന്ന് എല്ലാവരും ഉറപ്പിച്ചത്കൊണ്ട് ആഗ്നസ്സിനു മറ്റു പൂവ്വാലന്മാരുടെ ശല്യം ഉണ്ടായില്ല. അവർ രണ്ടു പേരും ഇണപ്രാവുകളെപോലെ കോളേജ് കാമ്പസ്സിലെ തണൽമരങ്ങൾക്ക് ചുറ്റും കൂടി. പ്രേമാമ്രുതചഷകങ്ങൾ മോന്തികുടിച്ച് മദോന്മത്തരായി, അനുരാഗ ലഹരിയിൽ ആമഗ്നരായി. കൈനഖവും കടിച്ച്കൊണ്ട് അതുവഴി കടന്നുപോയ മറ്റ് പെൺകുട്ടികൾ അവരെ അസൂയയോടെ നോക്കി. ആൻേറാവിൻെറ മനസ്സിൽ ആഗ്നസിനെ “ഒന്ന് തൊടാനൊരു മോഹം” ഇടക്കിടെ തലപൊക്കി. കോളേജിൽ നിന്നും തിരിച്ച് പോക്ക് ഒരുമിച്ചാണു ബസ്സിറങ്ങി വിജനമായ വഴികളിലൂടെയുള്ള നടത്തം. അപ്പോഴൊക്കെ മനസ്സ് കൊതിച്ചെങ്കിലും അതിനു മുതിർന്നില്ല. ആഗ്നസ്സ് അത് ഒരിക്കലും ഇഷ്ടപ്പെടുകയില്ല എന്ന് ആൻെറാ വിശ്വസിച്ചു. എല്ലാ പെൺകുട്ടികളും അങ്ങനെയല്ലേ? വിവാഹം വരെ

പരിശുദ്ധി കാത്തു സൂക്ഷിക്കേണ്ടതല്ലേ? വിവാഹത്തിനു ശേഷം ഒരാൾ ആ പരിശുദ്ധി നഷ്ടപ്പെടുത്തുന്നു. പാവം സ്ത്രീയുടെ അടിമത്വം കൊച്ചിലെ ആരംഭിച്ച് മരണം വരെ തുടരുന്നു.

പള്ളിമേടയുടെ കനത്ത മതിലുകൾ അരിക് വക്കുന്ന റോഡിലൂടെ ഒരുമിച്ച് നടക്കുമ്പോൾ റബ്ബർ മരങ്ങളെ തഴുകിയെത്തുന്ന മന്ദമാരുതൻ ഏതൊ പ്രണയഗാനം മൂളുന്നു. വേനൽ സൂര്യൻ ചായുന്ന കുന്നിൻചരുവുകളുടെ ഭംഗിയിൽ പരിസരം ആകർഷകമാകുന്നു. ഒരു സിനിമ സംവിധായകനു നായികാ-നായകന്മാരെ യുഗ്മഗാനം പാടിപ്പിക്കാൻ പറ്റിയ അന്തരീക്ഷം. ആൻെറാ പാടി " കുന്തിരിക്കം പുകയുന്ന കുന്നിൻ ചരുവിലെ കുയിൽകിളി ഇണക്കുയിൽകിളി, നിങ്ങളുടെ ഇടയിൽ ആണിനോ പെണ്ണിനോ നിയന്ത്രിക്കാനാവത്ത പ്രണയദാഹം, എന്നോട് പറയു നീ, എന്തെങ്കിലും ഒന്നു സമ്മതിക്കൂ...... ആഗനസ്സിൻെറ ചുണ്ടിൽ ഒരു ചിരിയുടെ പാൽപ്പത. അവളുടെ കണ്ണുകൾ വികസിച്ചു. അവൾക്കതിഷ്ടമായെന്ന് ആൻെറാ മനസ്സിലാക്കി. ചുറ്റും പച്ചിലകാടുകൾ തിങ്ങി നിൽക്കുന്ന ഏകാന്തമായ ഇടവഴികളിലൂടെ ദിവസേനെയുള്ള നടത്തം. അന്നൊന്നും തോന്നാത്ത ഒരു അഭിനിവേശം അപ്പോൾ ആൻേറാവിനുണ്ടായി. വളരെ ചുരുക്കം ആളുകൾ മാത്രം പ്രത്യക്ഷപ്പെടുന്ന ആ വഴി മോഹങ്ങൾ കട്ടെടുക്കാൻ എല്ലാ ഒത്താശകളും ചെയ്യുന്നുണ്ട്. എന്നിട്ടും അങ്ങനെ ഒരു പരാക്രമത്തിനു ആൻെറാ മുതിരാതിരുന്നത് പെണ്ണിൻെറ പവിത്രതയിൽ ഉള്ള വിശ്വാസമാണു. ഒരു കാമ്പസ്സ് വിനോദം പോലെ ഈ പ്രേമം അവസാനിച്ചാൽ ആഗ്നസ്സിനു ഒന്നും നഷ്ടപ്പെടരുത്.

നല്ല ചിന്തകൾ മനസ്സിൽ നിറഞ്ഞപ്പോൾ വേണ്ടാത്ത മോഹങ്ങൾ മറഞ്ഞുപോയി. അപ്പോഴാണു ആഗനസ്സ് പറഞ്ഞത് . ആൻെറാ ആ പാട്ടിൻെറ വരികൾ ഒന്നു കൂടി പാടൂ. നീ അത് പാടുമ്പോൾ കൂടുതൽ സുന്ദരനാകുന്നു. അത് പറയുമ്പോൾ അവളുടെ കടക്കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. കുറുനിരകൾ പാറി കളിക്കുന്ന അവളുടെ കവിളുകളിൽ അരുണിമ നിറഞ്ഞിരുന്നു. അപ്പോൾ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങി വന്ന പോലെ ആൻേറാവിനു തോന്നി. സുന്ദരിമാരുടെ സാമീപ്യം യൗവ്വനത്തിലെ അനുഭൂതിയാണു. മന്ദാക്ഷമധുരമായ മന്ദഹാസത്തോടെ അവൾ ചോദിച്ചു. ആ കാണുന്ന മരത്തിൻെറ ചുവട്ടിൽ ഒരു കയ്യിൽ മുന്തിരിചഷകവുമായി ഒമർഖയ്യാമിനെപോലെ എന്നോടൊത്ത് പ്രേമഗാനങ്ങൾ പാടിയിരിക്കാൻ നിനക്ക് മോഹമില്ലേ? ആൻേറാവിൻെറ മനസ്സിൽ ചപല വ്യാമോഹങ്ങൾ കൂമ്പാരം കൂടാൻ തുടങ്ങി. ആൻെറാ ആ പാട്ട് ഒന്നു കൂടി പാടി. പെട്ടെന്നാണു അതു സംഭവിച്ചത്. ഒരു വലിയ കിതപ്പോടെ ആഗ്നസ്സ് ആൻേറാവിനെ

കെട്ടിപിടിച്ചു. അവൾ മുഖമുയർത്തി ആൻെറാവിൻെറ കണ്ണുകളിലേക്ക് നോക്കി. അവൾ ചുണ്ടുകൾ പിളർത്തി. ആൻേറാവിൻെറ മുഖം അവളിലേക്ക് കുനിഞ്ഞു. യുഗങ്ങളുടെ ദൈർഘ്യം അവരുടെയിടയിൽ സ്തംഭിച്ചു. ചേക്കേറുന്ന പക്ഷികൾ അവർക്ക് മംഗളഗീതങ്ങൾ പാടി. പരിസരബോധബോധം മറന്നു അവർ നിന്നു. സന്ധ്യമയങ്ങാൻ തുടങ്ങി.. ചക്രവാളങ്ങളിൽ ചുവപ്പു പരന്നു. ആഗനസ്സിൻെറ ചുണ്ടുകൾ ചുവന്നിരുന്നു. ആദ്യാനുഭൂതിയിൽ നിറഞ്ഞ മനസ്സുമായി അവർ നിശ്ശബ്ദം നടന്നു. വഴി പിരിയുമ്പോൾ മുഖത്തോട് മുഖം നോക്കാൻ കഴിയാതെ യാത്ര പറഞ്ഞു തിരിഞ്ഞു നോക്കാതെ അവരവരുടെ വീടുകളിലെക്ക് മടങ്ങി.

*(കഥയുടെ അന്ത്യം: ആഗനസ്സും ആൻേറായും കല്യാണം കഴിച്ചില്ല. ജീവിത യാത്രയിൽ അവർ വേറെ പങ്കാളികളെ സ്വീകരിച്ചു. അവരുടെ കുടുംബജീവിതത്തിൽ ആ ആദ്യചുംബനം ഒരു പ്രശ്നവും സൃഷ്ടിച്ചില്ല.)*